**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1251

10.08.2017- ൽ മറുപടിയ്ക്ക്

**<u>മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനായി ഭൂമി</u>**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിട്യൂട്ടിന് പാണക്കാട് വില്ലേജിലെ ഇൻകെൽ എഡ്യൂസിറ്റിയിൽ അനുവദിച്ച ഇരുപത്തിയഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് വിശദമാക്കുമോ; | (എ) ജില്ലാ കളക്ടർ സമർപ്പിച്ച ഭൂമി പതിവ് പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശിച്ചിരിക്കുകയാണ്. |
| (ബി) റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുത്ത് ആരോഗ്യവകുപ്പിന് കൈമാറുന്നതിന് സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ;<br><br>(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) & (സി) ഉണ്ട്. ക്യാൻസർ സെന്ററിന് അനുവദിച്ച ഭൂമി കെ.എസ്.ഐ.ഡി.സി യും ഇൻകെലും തമ്മിലുള്ള കരാറിൽ ഉൾപ്പെട്ട ഭൂമിയാണ്. ടി കരാർ പ്രകാരം അനുവദിച്ച ഭൂമിയിൽ നിന്ന് ക്യാൻസർ സെന്ററിനും മലപ്പുറം വനിതാ കോളേജിനും അനുവദിച്ച 30 ഏക്കർ ഭൂമി കുറവ് ചെയ്ത് കെ.എസ്.ഐ.ഡി.സിയും ഇൻകെലും തമ്മിലുള്ള കരാർ പുതുക്കേണ്ടതുണ്ട്. കരാർ പുതുക്കി വിവരം അറിയിക്കുന്നതിന് കെ.എസ്.ഐ.ഡി.സി മാനേജർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി യിൽ നിന്ന് ഇൻകെൽ പാട്ടത്തിന് എടുത്തിട്ടുള്ളതും നിലവിൽ കെ.എസ്.ഐ.ഡി.സി നികുതിയടച്ച് വരുന്നതുമായ ഈ ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്ന/വിട്ടൊഴിയുന്ന മുറയ്ക്ക് മാത്രമേ പതിവ് നടപടി സാധ്യമാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**